**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 590** **10-02-2025 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പദ്ധതി പ്രകാരം പുതിയ വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റിഫോംസിന്റെ ഭാഗമായി നടത്തി വരുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും, സുതാര്യമായും, സമയബന്ധിതമായും ലഭ്യമാക്കി വരുന്നു.<br><br>വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും, അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.<br><br>2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നര വർഷംവരെ സംസ്ഥാന നിയമങ്ങൾക്ക കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ |

| | | | |
|---|---|---|---|
| | | | ഏകജാലക ക്ലിയറൻസ് ബോർഡ് "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" നൽകുന്നു. ലഭിക്കുന്ന സാക്ഷ്യപത്രത്തിന് മൂന്ന് വർഷവും 6 മാസവും കാലാവധിയുണ്ട്. ഈ കാലയളവിനുള്ളിൽ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. മേൽപറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രസ്തുത പദ്ധതി മുഖേന അനുമതി നല്കിയിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ഭക്ഷ്യ സംസ്കരണം, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, വസ്തുങ്ങളും തുണിത്തരങ്ങളുടെയും നിർമ്മാണം, വ്യക്തിഗത പരിചരണ ഉൽപ്പന്നങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ, ആരോഗ്യ ഉപകരണങ്ങൾ/അനുബന്ധ ഉപകരണങ്ങൾ, കാർഷിക അനുബന്ധ ഉല്പ്പന്നങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങൾ തുടങ്ങി നിരവധി മേഖലകളിലായി വരുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കാണ് പ്രസ്തുത പദ്ധതി മുഖേന അനുമതി നല്കിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി മൂലം സംസ്ഥാനത്ത് നിക്ഷേപസമാഹരണപ്രവർത്തനങ്ങൾക്ക് ഗതിവേഗം കൂടിയിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റിഫോംസിന്റെ ഭാഗമായി നടത്തി വരുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും, സുതാര്യമായും, സമയബന്ധിതമായും ലഭ്യമാക്കുന്നതിനും, അതുവഴി കൂടുതൽ സംരംഭങ്ങൾക്ക് സംസ്ഥാനത്തിൽ വ്യവസായം ആരംഭിക്കാനുതകുന്ന ഒരു അന്തരീക്ഷം കെട്ടിപ്പടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ സംയോജിത ഫലമായാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കാനായത്. നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന സൂചികയിൽ, പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടിയാണ് സംസ്ഥാനം മികച്ച നേട്ടം കൈവരിച്ചതെന്ന വസ്തുത, സംസ്ഥാനം നടപ്പിലാക്കിയ പരിഷ്കരണങ്ങളെ നിക്ഷേപകർ സ്വീകരിച്ചു എന്നതിന് തെളിവാണ്. |

ഇത്തരത്തിൽ നടപ്പിലാക്കിയ വിവിധങ്ങളായ നടപടികൾ ബിസിനസ് ആരംഭിക്കുന്നവർക്കും നിക്ഷേപകർക്കും വലിയ രീതിയിൽ സഹായകമായിട്ടുണ്ട്. ഇതിന്റെ ഫലമായി, വ്യവസായ വികസനം കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞതോടൊപ്പം, തൊഴിലവസരങ്ങൾ വർധിക്കുകയും നിക്ഷേപകരുടെ ആത്മവിശ്വാസം ഉയരുകയും ചെയ്തു. ഇത്തരത്തിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി ചുവടെ പറയുന്ന വിശദാംശങ്ങൾ പ്രകാരം നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

- 2019-ലെ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിലുള്ള ഇളവുകൾ പ്രയോജനപ്പെടുത്തി നാളിതുവരെ 63,726 സംരംഭകർ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ സ്വന്തമാക്കി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- സംരംഭകത്വ പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച സംരംഭക വർഷം പദ്ധതി വഴി ആകെ 3,42,936 സംരംഭങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടുകയും അതുവഴി 22010.48 കോടി രൂപ നിക്ഷേപവും 7,27,253 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുകയും ചെയ്തു.
- 966 സംരംഭകരിൽ നിന്നും 29000 കോടിയിലധികം നിക്ഷേപം സംസ്ഥാനത്ത് പുതുതായി വന്നു. ഇതോടൊപ്പം, 5000 കോടിയിലധികം വരുന്ന പുനർനിക്ഷേപങ്ങൾക്കുള്ള സാധ്യതയും സംസ്ഥാനം മുന്നിൽ കാണുന്നു.
- വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി നടപ്പിലാക്കിയ കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനത്തിൽ, (Kerala Centralised Inspection System) നിലവിൽ 4 വകുപ്പുകളെ സംയോജിപ്പിക്കാനും, അഞ്ചു ലക്ഷത്തിലധികം സംരംഭങ്ങളെ രജിസ്റ്റർ ചെയ്യിക്കാനും സാധിച്ചു.
- അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഭേദഗതികൾ വഴി

| | | | |
|---|---|---|---|
| | | | കെഎസ്ഐഡിസിയുടെയും കിൻഫ്രയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് ചട്ടം നിലവിൽ കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് ചട്ടവും, നിലവിൽ വന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു.<br>• ഇത്തരത്തിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ മൂലം സംസ്ഥാനത്ത് നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും, ആയതുവഴി സംസ്ഥാനത്തിന്റെ ജി.എസ്.ടി വരുമാനത്തിൽ 2017 നോട് താരതമ്യപ്പെടുത്തുമ്പോൾ, 17% സംയുക്ത വാർഷിക വളർച്ചാ നിരക്ക് കൈവരിക്കാനും സാധിച്ചു.<br><br>നിക്ഷേപ സമാഹരണ രംഗത്ത് ഇത്തരത്തിൽ ലഭിച്ച നേട്ടങ്ങളെ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിനും, തുടർന്നും നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനുമായി നിരവധി നിക്ഷേപ പ്രോൽസാഹന പ്രവർത്തനങ്ങളും സംസ്ഥാനം നടത്തി വരികയാണ്. ഇതുവഴി കേരളത്തിലേക്കുള്ള നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഗതിവേഗം ഉണ്ടാകുന്ന സാഹചര്യമാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ സുഗമമാക്കൽ നിയമത്തിന്റെ കീഴിൽ, 2020 മുതൽ സംസ്ഥാനത്ത് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ ഉപയോഗിച്ച് സംരംഭങ്ങൾ ആരംഭിച്ച നിക്ഷേപകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ജില്ല** | **തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ** |
|---|---|
| തിരുവനന്തപുരം | 6393 |
| കൊല്ലം | 5600 |
| പത്തനംതിട്ട | 2266 |
| ആലപ്പുഴ | 2970 |
| കോട്ടയം | 3254 |
| ഇടുക്കി | 1575 |
| എറണാകുളം | 9762 |
| തൃശ്ശൂർ | 8685 |
| പാലക്കാട് | 3683 |
| മലപ്പുറം | 8133 |
| കോഴിക്കോട് | 5162 |
| വയനാട് | 1318 |
| കണ്ണൂർ | 2884 |
| കാസർഗോഡ് | 2041 |
| ആകെ | **63726** |

വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയുടെ അനുമതികൾ നേടുന്നതിനായുള്ള ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ അനുമതികൾ നേടിയെടുത്തവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ജില്ല** | **ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ അനുമതികൾ നേടിയെടുത്തവർ** |
|---|---|
| തിരുവനന്തപുരം | 481 |
| കൊല്ലം | 328 |
| പത്തനംതിട്ട | 119 |
| ആലപ്പുഴ | 195 |

| | |
|---|---|
| കോട്ടയം | 226 |
| ഇടുക്കി | 377 |
| എറണാകുളം | 570 |
| തൃശ്ശൂർ | 481 |
| പാലക്കാട് | 421 |
| മലപ്പുറം | 324 |
| കോഴിക്കോട് | 661 |
| വയനാട് | 207 |
| കണ്ണൂർ | 612 |
| കാസർഗോഡ് | 104 |
| **ആകെ** | **5106** |